വന്നശേഷം കൊച്ചിൻ കോർപ്പറേഷനിൽ ഇതേവരെ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(ബി) അതിൽ എത്രയെണ്ണത്തിൽ നിർദ്ദേശിക്കപ്പെട്ട കാലാവധിക്കു ള്ളിൽ അനുമതി നൽകിയിട്ടുണ്ട്;

(സി) ഇതേവരെ അനുമതി നൽകിയിട്ടില്ലാത്ത എത്ര അപേക്ഷക ളുണ്ട്; അനുമതി നൽകാതെ ശേഷിക്കുന്നതിൽ ഏറ്റവും ആദ്യം ലഭിച്ച അപേക്ഷ സമർപ്പിച്ച് തീയതി എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) തകരാറുള്ള അപേക്ഷകളിൽ അത് പരിഹരിക്കുന്നതിനുള്ള അറിയിപ്പ് അപേക്ഷകന് നൽകുന്നതിന് സംവിധാനമുണ്ടോ;

(ഇ) 1999-ൽ ഏപ്രിൽ 30 വരെ സമർപ്പിച്ച അപേക്ഷകളിൽ തീരുമാ നമാകാതെ എത്ര അപേക്ഷകളുണ്ട്; അറിയിപ്പ് നൽകാത്ത എത്ര കേസുകൾ ഉണ്ട്;

(എഫ്) അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ അനാവശ്യ കാല താമസം വരുത്തുന്നവരെ കണ്ടെത്താൻ ഏകജാലക സംവിധാനത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) ഇപ്രകാരം കണ്ടെത്തിയ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 5196 എണ്ണം

(ബി) 4859 എണ്ണം

(സി) 203 എണ്ണം. ശേഷിക്കുന്നതിൽ ആദ്യ അപേക്ഷ 27.2.1997-ൽ ലഭിച്ചു.

(ഡി) ഉണ്ട്.

(ഇ) 63 എണ്ണം. ഇല്ല.

(എഫ്) നിലവിലുള്ള സംവിധാനമല്ലാതെ പ്രത്യേക സംവിധാനം ഇല്ല.

(ജി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വികസന അതോറിറ്റികളുടെ പ്രവർത്തനം

130 (2928)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ പ്രവർത്തനം പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വെളി പ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതെല്ലാം വികസന അതോറിറ്റികൾ ഉടനടി നിർത്തലാക്കാം, ഏതെങ്കിലും അതോറിറ്റി താൽക്കാലികമായി നിലനിറുത്തേണ്ടതുണ്ടോ, എങ്കിൽ എത്ര കാലത്തേക്ക്. പ്രത്യേക പരിഗണന അർഹിക്കുന്ന പ്രദേശ ങ്ങൾക്കായുള്ള വികസന അതോറിറ്റികൾ ആവശ്യമാണോ; നിർത്തലാക്കുന്ന വികസന അതോറിറ്റികളുടെ ആസ്തി-ബാദ്ധ്യതകൾ എങ്ങനെ തദ്ദേശ സ്വയം

LIBRARY ARCHIVES Kerala Legislative Assembly

ഭരണ സ്ഥാപനങ്ങൾക്ക് വീതംവയ്ക്കണം. അതോറിറ്റികളിലെ ജീവനക്കാരെ എങ്ങനെ നിലനിറുത്തണം. എന്നീ കാര്യങ്ങളെക്കുറിച്ചുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ഗ്രാമപഞ്ചായത്ത് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ അദ്ധ്യാപക നിയമനം

131 (2929)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ അദ്ധ്യാപക നിയമനം നടത്തുന്നത് എങ്ങനെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

(സി) 1999-2000 അദ്ധ്യായന വർഷത്തേക്ക് ഇപ്രകാരം അദ്ധ്യാപക നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ ഇപ്രകാരം ഈ അദ്ധ്യയനവർഷം പഞ്ചായത്ത് മാനേജ്മെന്റ് സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ഇ) ഇവിടെ നിയമനം നടത്തുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് സ്കൂളിലെ നിയമനം പി.എസ്.സി.യെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുവരെ അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഉൾപ്പെട്ട സെലക്ഷൻ ബോർഡ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് വരുത്തി ഇന്റർവ്യൂ നടത്തി താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തി വരുന്നു.

(ബി) വിദ്യാഭ്യാസ യോഗ്യത പരിചയ സമ്പന്നത മുതലായവയാണ്.

(സി) ഉണ്ട്. ഒഴിവുകളുടെ വിവരം ശേഖരിച്ച് അവ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 16. (പത്തിയൂർ-6, മഞ്ചേരി-5, ഹരിപ്പാട്-2, മുഹമ്മ-2, മാരാരിക്കുളം സൗത്ത്-1)

(ഇ) പത്തിയൂർ ഗ്രാമപഞ്ചായത്ത് സ്കൂളിലെ രണ്ട് ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള ഇന്റർവ്യൂ 2.8.1999-ന് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. മറ്റ് ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(ചോദ്യം നമ്പർ 2883-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly